**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1648** — **05-07-2022 - ൽ മറുപടിയ്ക്ക്**

**വെന്നിയൂർ-കുളങ്ങര ലിങ്ക് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തെന്നല, എടരിക്കോട് എന്നീ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വെന്നിയൂർ-കുളങ്ങര ലിങ്ക് റോഡ് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ഫയലിൽ അനുമതി ലഭ്യമാക്കുമോ; ഈ പ്രവൃത്തിക്ക് അനുമതി ലഭ്യമാക്കുന്നതിനെതിരെ ആരുടെയെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 05/11/2021- ലെ 211/എൻസിഎ2/2018/കൃഷി സർക്കാർ കത്ത് പ്രകാരം അനുമതി നിരസിച്ചിട്ടുണ്ട്. ഈ പ്രവർത്തിയ്ക്ക് അനുമതി ലഭ്യമാക്കുന്നതിനെതിരെ 23/10/2017-ൽ തെന്നല കൃഷി ഭവനിൽ ഒരു കർഷകൻ പരാതി നൽകിയിരുന്നു. |
| (ബി) | സർക്കാർ നിർദ്ദേശമനുസരിച്ച് മലപ്പുറം ജില്ലാ കളക്ടർ, മലപ്പുറം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ എന്നിവർ റോഡ് നിർമ്മാണ സ്ഥലം സന്ദർശിക്കുകയും ഈ പ്രവൃത്തി നീരൊഴുക്കിനെ തടസ്സപ്പെടുത്താതെ പൂർത്തീകരിക്കാമെന്നും ഈ പ്രവൃത്തി കൃഷിക്ക് ഗുണകരമാകുമെന്നും റിപ്പോർട്ട് നൽകിയിരുന്നോ; എങ്കിൽ ഈ പ്രവൃത്തിക്ക് അനുമതി നൽകുന്നതിന് വേറെ തടസ്സങ്ങളുണ്ടോ; വിശദീകരിക്കാമോ; | (ബി) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ കുളങ്ങര റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലം പരിവർത്തനപ്പെടുത്തുന്നതിന് സർക്കാർ അനുമതി നിഷേധിച്ചത് സംബന്ധിച്ച് ലഭ്യമായ പരാതിയിന്മേൽ ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടും, ഇക്കാര്യത്തിൽ സംസ്ഥാനതല സമിതി അംഗം സ്ഥലം നേരിട്ട് പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിക്കുകയും, പ്രസ്തുത നിലം നികത്തിയാൽ ഗുരുതരമായ പാരിസ്ഥിതിക ആഘാതം ഉണ്ടാകുമെന്ന് ബോധ്യപ്പെടുകയും ചെയ്തതിനാലാണ് പ്രസ്തുത അപേക്ഷ നിരസിച്ചത്. |
| (സി) | ഈ പ്രവൃത്തിക്ക് അനുമതി ലഭിക്കാതെ നീണ്ടു പോകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ കുളങ്ങര റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലം പരിവർത്തനപ്പെടുത്തുന്നതിന് സർക്കാർ അനുമതി നിഷേധിച്ചത് സംബന്ധിച്ച് ലഭ്യമായ പരാതിയിന്മേൽ ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടും, ഇക്കാര്യത്തിൽ സംസ്ഥാനതല സമിതി അംഗം സ്ഥലം നേരിട്ട് പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിക്കുകയും, പ്രസ്തുത നിലം നികത്തിയാൽ ഗുരുതരമായ പാരിസ്ഥിതിക ആഘാതം ഉണ്ടാകുമെന്ന് ബോധ്യപ്പെടുകയും ചെയ്തതിനാലാണ് പ്രസ്തുത അപേക്ഷ നിരസിച്ചത്. |

സെക്ഷൻ ഓഫീസർ